(ബി) നിലവിലുള്ള സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പിനു പുറമേ സി.എ/ഐ.സി.ഡബ്ല്യു.എ./സി.എസ്. കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്, ദ്വിവത്സര ഐ.റ്റി.സി. കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ. വിദ്യാർത്ഥികൾക്ക് ഫീ റീ-ഇമ്പേഴ്സ്മെന്റ് സ്കീം ന്യൂനപക്ഷവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗവേഷണത്തിന് ഷോർട്ട് ടേം റിസർച്ച് ഫെല്ലോഷിപ്പ് എന്നീ സ്കോളർഷിപ്പുകളും ആവിഷ്കരിച്ചിട്ടുണ്ട്. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവരുടെ സ്വയം സഹായ സംഘങ്ങൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് ധനസഹായം നൽകുന്നതിനുള്ള പ്രോജക്ട് പ്രൊപ്പോസൽ 2015-16 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സമർപ്പിച്ചിട്ടുണ്ട്.

(സി) ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി വയനാട് ജില്ലയിലെ നാല് ബ്ലോക്കുകളായ പനമരം, മാനന്തവാടി, സുൽത്താൻ ബത്തേരി, കൽപ്പറ്റ, മലപ്പുറം ജില്ലയിലെ പൊന്നാനി ടൗൺ എന്നിവിടങ്ങളിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ കേന്ദ്രാവിഷ്കൃത പദ്ധതിയായ ബഹുമുഖ വികസന പദ്ധതി (എം.എസ്.ഡി.പി.) ഫണ്ട് ഉപയോഗിച്ചാണ് നടപ്പാക്കിവരുന്നത്.

ന്യൂനപക്ഷ വിഭാഗങ്ങൾക്കായി വിവിധ പദ്ധതികൾ

145 (3429) ശ്രീ. രാജു എബ്രഹാം : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ന്യൂനപക്ഷ വിഭാഗങ്ങൾക്കായി കണ്ടെത്തിയിട്ടുള്ളവർ ആരൊക്കെയാണ് ;

(ബി) ഇവർക്കായി നടപ്പാക്കിവരുന്ന വിവിധ പദ്ധതികൾ ഏതൊക്കെയാണ് ;

(സി) ഇതിനോടകം എത്ര പേർക്ക് പ്രസ്തുത പദ്ധതിയിൽ നിന്നു ആനുകൂല്യം ലഭിച്ചിട്ടുണ്ട് ; ഇനം തിരിച്ച്, ജില്ലതിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) ന്യൂനപക്ഷ വിഭാഗങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലിക്കായി സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ശതമാനം ?

ഉത്തരം

(എ) കേന്ദ്രസർക്കാർ ന്യൂനപക്ഷ വിഭാഗങ്ങളായി വിജ്ഞാപനം ചെയ്തിട്ടുള്ള മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, പാഴ്സി, ജൈനർ എന്നീ മതവിഭാഗങ്ങളെയാണ് സംസ്ഥാനത്തും ന്യൂനപക്ഷ വിഭാഗങ്ങളായി കണക്കാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി)

1. കോളേജ് വിദ്യാഭ്യാസ വകുപ്പ് മുഖേന നടപ്പാക്കുന്ന സി.എച്ച്. മുഹമ്മദ് കോയ മുസ്ലീം ഗേൾസ് സ്കോളർഷിപ്പ് (തുടർ പദ്ധതി)
2. മദ്രസ്സാ അദ്ധ്യാപക ക്ഷേമനിധി പെൻഷൻ പദ്ധതി (തുടർ പദ്ധതി)
3. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ ജലവിതരണ പദ്ധതി
4. സി.എ./ഐ.സി.ഡബ്ല്യു.എ./സി.എസ്. കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്
5. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് പദ്ധതി
6. ദ്വിവത്സര ഐ.റ്റി.സി. കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ BPL വിദ്യാർത്ഥികൾക്ക് ഫീ റീ-ഇമ്പേഴ്സ്മെന്റ് സ്കീം.
7. ന്യൂനപക്ഷവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗവേഷണത്തിന് ഹ്രസ്വകാല റിസർച്ച് ഫെലോഷിപ്പ്
8. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവ/ വിവാഹമോചിത / ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്ക് ഭവന പദ്ധതി.
9. വയനാട് ജില്ലയിലെ നാല് ബ്ലോക്കുകൾ, മലപ്പുറം ജില്ലയിലെ പൊന്നാനി ടൗൺ എന്നിവിടങ്ങളിൽ നടപ്പിലാക്കുന്ന ബഹുമുഖ വികസന പദ്ധതി.
10. സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന ഉദ്യോഗാർത്ഥികൾക്ക് ട്യൂഷൻ ഫീസ്/ഹോസ്റ്റൽ ഫീസ് റീ-ഇമ്പേഴ്സ് ചെയ്തു നൽകുന്ന പദ്ധതി.
11. മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളായ മദ്രസ്സാദ്ധ്യാപകർക്ക് സ്വന്തം വിവാഹത്തിനും പെൺമക്കളുടെ വിവാഹത്തിനും വിവാഹ ധനസഹായ പദ്ധതി.
12. എസ്.എസ്.എൽ.സി.ക്ക് ഉറുദു ഐച്ഛികമായെടുത്ത് എല്ലാ വിഷയങ്ങൾക്കും എ + നേടിയവർക്ക് ക്യാഷ് അവാർഡ് നൽകുന്ന പദ്ധതി.
13. എസ്.എസ്.എൽ.സി./പ്ലസ് ടു പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ+ നേടിയ, മദ്രസ്സാദ്ധ്യാപകരുടെ മക്കൾക്ക് ക്യാഷ് അവാർഡ് നൽകുന്ന പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ഏതെങ്കിലും മത ന്യൂനപക്ഷത്തിൽപ്പെട്ടവർ എന്ന നിലയിൽ സർക്കാർ ജോലിക്ക് നിലവിൽ സംവരണം ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ കേരളത്തിലെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെട്ട മുസ്ലീങ്ങൾ/ ലത്തീൻ കത്തോലിക്കർ/ആംഗ്ലോ ഇന്ത്യൻസ്/എസ്.ഐ.യു.സി. നാടാർ/ മറ്റ് ക്രിസ്ത്യാനികൾ എന്നിവർക്ക് ലാസ്റ്റ് ഗ്രേഡ് ഒഴികെയുള്ള തസ്തികകൾക്ക് യഥാക്രമം 12, 4, 1, 1 എന്ന ശതമാന കണക്കിലും ലാസ്റ്റ് ഗ്രേഡ് തസ്തികയ്ക്ക് യഥാക്രമം 10, 4, 2, 2 എന്നീ ശതമാനത്തിലും സംവരണം നിലവിലുണ്ട്.

റബ്ബർ സംഭരണം

146(3430) ശ്രീ. കെ. രാജു : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മാർക്കറ്റ വിലയെക്കാൾ കൂടുതൽ വില നൽകി റബ്ബർ സംഭരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ മാർക്കറ്റ വിലയെക്കാൾ രണ്ടു രൂപ കൂട്ടി എത്ര ടൺ റബ്ബർ സംഭരിച്ചു ; വെളിപ്പെടുത്തുമോ ;

(ബി) ഓരോ ഏജൻസിയും ഈ കാലയളവിൽ സംഭരിച്ച റബ്ബറിന്റെ അളവ് എത്ര വീതമാണെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. കോട്ടയം വിപണി വിലയേക്കാൾ 2 രൂപ അധികം നൽകി മാർക്കറ്റ്ഫെഡ് 301.252 ടൺ റബ്ബറും റബ്ബർമാർക്ക് 426.100 ടൺ റബ്ബറും സംഭരണം നടത്തിയിട്ടുണ്ട്.

(ബി) മാർക്കറ്റ്ഫെഡ് മുഖേന കോട്ടയം വിപണി വിലയേക്കാൾ 2 രൂപ അധികം നൽകി 301.252 ടൺ റബ്ബർ സംഭരണം നടത്തിയിട്ടുണ്ട്. മാർക്കറ്റ്ഫെഡ് ആകെ സംഭരിച്ച റബ്ബർ 407.248 ടൺ ആണ്. റബ്ബർ മാർക്ക് കോട്ടയം വിപണിവിലയേക്കാൾ 2 രൂപ അധികം നൽകി 426.1 ടൺ റബ്ബർ സംഭരണം നടത്തിയിട്ടുണ്ട്. റബ്ബർ മാർക്ക് ആകെ സംഭരിച്ച റബ്ബർ 807.7 ടൺ ആണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly